**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **07-12-2022 - ൽ മറുപടിയ്ക്ക്**

**കടൽഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം തീരമേഖലയെ കടലാക്രമണ ഭീഷണിയിൽനിന്നും സംരക്ഷിക്കുന്നതിനായി ഏതൊക്കെ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തീരമേഖലയെ കടലാക്രമണ ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന കടൽഭിത്തി നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം ജില്ല<br><br>നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് ചെന്നൈയുടെ ഡിസൈൻ പ്രകാരം സൗത്ത് കൊല്ലങ്കോടിനും പൂവാർ എസ്റ്റ്വറിക്കുമിടയിൽ ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പൂന്തുറ പുലിമുട്ടിന്റെ പുനരുദ്ധാരണത്തിനായി 17.50 കോടി രൂപ 2022-23 ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷൻ ഉൾപ്പെടെ ഉൾപ്പെടുത്തിയിരുന്നു. ആയതിലേക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പനത്തുറയിലെ കടൽത്തീര സംരക്ഷണത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിനുള്ള 70 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.<br><br><u>ആലപ്പുഴ ജില്ല</u><br><br>തോട്ടപ്പള്ളി പൊഴിമുഖ ത്തിന്റെ രണ്ട് വശങ്ങളിലെ പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 44 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കി വരുന്നു.<br><br>പുന്നപ്ര വിയാനി മുതൽ ആലപ്പുഴ ബീച്ചിന് തെക്ക് വശം വരെയും പുറക്കാട് പഞ്ചായത്തിലെ മാത്തേരി മുതൽ പുറക്കാട് വരെയുമുള്ള ഭാഗത്ത് ടെട്രാപോഡ് |

ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഐ.ഐ.റ്റി. ചെന്നൈയുടെ ഡിസൈൻ ലഭിച്ച ശേഷം ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്

ചേർത്തല മണ്ഡലത്തിലെ അന്ധകാരനാഴിയിലും ചേന്നവേലിയിലും പുലിമുട്ട് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ രാമഞ്ചേരിയിലും (സി.ഇ.എസ്.സി.പി. നം. 521-527) പുലിമുട്ട് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കുന്നതിലേക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു
4] (a) ആറാട്ടുപുഴ പഞ്ചായത്തിലെ പെരുമ്പള്ളി ജംഗ്ഷന് വടക്ക് വശം സി.ഇ.എസ്.സി.പി നം. ബി16-520) - 800മീ., തുക. 19.40 കോടി രൂപ.

(b) ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കൽ (സി.ഇ.എസ്.സി.പി. നം. 501-505) 1.20കി.മീ., തുക. 29.00 കോടി രൂപ.

(കോസ്റ്റൽ ഹൈവേ സംരക്ഷണ പദ്ധതി പ്രകാരം)

**<u>മലപ്പുറം ജില്ല</u>**

i) പൊന്നാനി താലൂക്കിൽ പൊന്നാനി മുനിസിപ്പാലിറ്റി, ബദിയങ്ങാട് ഗ്രാമപഞ്ചായത്ത് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ കൂടുതൽ കേടുവന്ന തീരഭാഗങ്ങളിലെ തകർന്ന കടൽഭിത്തിയുടെ റിഫോർമേഷൻ പ്രവൃത്തിക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 17/11/2022-ലെ സർക്കാർ ഉത്തരവ് പ്രകാരം കല്ലുകളുടെ പുതുക്കിയ നിരക്കുകൾ അനുസരിച്ച് പ്രൈസ്-3-സോഫ്റ്റ് വെയറിൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ii) താനൂർ മണ്ഡലത്തിലെ ചീരാൻ കടപ്പുറത്ത് 80മീ. നീളത്തിൽ സി.ഇ.എസ്.സി.പി 1643-നും 1644-നും ഇടയിൽ ഫിഷിംഗ് ഗ്യാപ്പ് ആക്കുന്നതിനുള്ള കടൽഭിത്തി നിർമ്മാണത്തിന് 64 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തിക്ക് റീ ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>കോഴിക്കോട് ജില്ല</u>**

മുക്കഞ്ചേരി കടൽഭിത്തിയുടെ (കസ്റ്റംസ് ബീച്ച്) 870മീ. നീളം റിഫോർമേഷനായി 4.97 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ ആലപ്പുഴ ജില്ലയിലും എറണാകുളം ജില്ലയിലും കിഫ്ബിയുടെ ധനസഹായത്തോടെ കിഡ്ക് (KIIDC) മുഖേന നടപ്പിലാക്കി വരുന്ന തീരസംരക്ഷണ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ആലപ്പുഴ ജില്ല**

ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി.

അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി.

ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി.

**എറണാകുളം ജില്ല**

എറണാകുളം ജില്ലയിലെ ചെല്ലാനത്ത് CP 976-നും CP 1052-നും ഇടയിൽ 10 കി.മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണം (₹344.20 കോടി

| | | | |
|---|---|---|---|
| | | | രൂപ) – ഘട്ടം I – CP 986 നും CP 1026 നും ഇടയിൽ 7.35 കി.മീറ്റർ നീളത്തിലെ കടൽഭിത്തിയുടെ നവീകരണം. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായ CP 986 നും CP 1026 നും ഇടയിൽ 7.35 കിലോമീറ്റർ നീളത്തിൽ തീരദേശസംരക്ഷണ പദ്ധതി. |
| (ബി) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ 24 കിലോമീറ്ററിലധികം വരുന്ന തീരമേഖലയിൽ ഇനിയും കടൽഭിത്തി നിർമ്മിച്ചിട്ടില്ലാത്തതും കടലാക്രമണം രൂക്ഷമായതുമായ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (ബി) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പുന്നപ്ര മുതൽ ആലപ്പുഴ ബീച്ചിൽ തെക്ക് വശം വരെയും പുറക്കാട് പഞ്ചായത്തിലെ മാത്തേരി മുതൽ പുറക്കാട് വരെയുള്ള ഭാഗത്ത് ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്ന തിനാവശ്യമായ കടലിന്റെ ഘടന തിരിച്ചറിയുന്നതിനുള്ള ബാത്തിമെട്രി സർവ്വേ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഐ.ഐ.റ്റി. ചെന്നൈയുടെ ഡിസൈൻ ലഭിച്ചതിന് ശേഷം ഡി.പി.ആർ-കൾ തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>അമ്പലപ്പുഴ മണ്ഡലത്തിൽ കോമന മുതൽ പുന്നപ്ര ഹാർബർ വരെയുള്ള 5.4 കി.മി നീളത്തിൽ 82.4 കോടിയുടെ പുലിമുട്ടുകളുടെ പ്രവർത്തികൾ KIIDC മുഖേന നിർവ്വഹിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ